

INDIAN CATHOLIC COMMUNITY

Tivoligasse 20, A-1120 Vienna, Austria, Tel: +43 1 8174206 Mobile: 06991196771

ഇന്ത്യൻ കത്തോലിക്കാ സമൂഹം വിയന്ന



*ICC Bulletin Vol.1.3 September 2006*

# Message of the Chaplain

## ICCയുടെ മതബോധന ദൗത്യം

സഭയുടേയും, സഭാംഗങ്ങളായ മാതാപിതാക്കളുടേയും ഏററവും ഗൗരവമേറിയ ഉത്തരവാദിത്വമാണ് മക്കളുടെ മതബോധനം അഥവാ വിശ്വാസപരിശീലനം. ഈശോ ദൈവപുത്രനാണെന്ന വിശ്വാസം പ്രഘോഷിക്കുകയും, പഠിപ്പിക്കുകയും, പരിശീലിപ്പിക്കുകയും ചെയ്യുകയാണീ ദൗത്യം(Pope John Paul 11). അതായതു്, ദൈവികവെളിപാടിലൂടെ സഭ സ്വന്തമാക്കിയ ഈ വിശ്വാസപൈതൃകം കലർപ്പുകൂടാതെ വരുംതലമുറയ്ക്കു് കൈമാറിക്കൊണ്ടു് അവരെ സഭാസമൂഹത്തിലെ സജീവാംഗങ്ങളാക്കിത്തീർക്കുകയാണ് മതബോധനത്തിന്റെ അടിസ്ഥാനലക്ഷ്യം (Card.Vithayathil). മാത്രമല്ല, ആരാധനാക്രമത്തിലുള്ള പങ്കാളിത്വത്തിനും കൂദാശകളുടെ ഭക്തിയോടെയുള്ള സ്വീകരണത്തിനും സഭാമക്കളെ തയ്യാറാക്കുന്നു. ദൈവാരാധന, പ്രാർത്ഥന, വിശ്വാസസാക്ഷ്യം, സന്മാർഗ്ഗജീവിതം എന്നീ തലങ്ങളിലെല്ലാം കുട്ടികൾക്കും മുതിർന്നവർക്കും പരിശീലനം നൽകണമെന്ന സഭയുടെ കാഴ്ചപ്പാടു് നടപ്പിലാക്കുകയാണു് ഈ വിശ്വാസ പരിശീലനത്തിലൂടെ(Bp Alencherry).

ഇപ്രകാരമുള്ള സഭയുടെ ആഹ്വാനമനുസരിച്ചു് നമ്മുടെ കുട്ടികൾക്കു് മതബോധനംവഴി വിശ്വാസപരിശീലനം നൽകുവാൻ നമ്മുടെ ഇടവകസമൂഹത്തിനു് ഒഴിവാക്കാനാവാത്ത ഉത്തരവാദിത്വമുണ്ടു്.

ആയതിനാൽ, വിയന്ന(അതിരൂപത)യിലെ പ്രവാസി മലയാളി കത്തോലിക്കാ കുടുംബങ്ങളിലെ ആറു് വയസ്സു് മുതൽ പതിനാലു് വയസ്സു വരെ (ഒന്നാംക്ലാസ്സു മുതൽ ഏഴാംക്ലാസ്സു് ഉൾപ്പെടെ) പ്രായമുള്ള എല്ലാ കത്തോലിക്കാകുട്ടികളും **ICC**യുടെ മതബോധന ക്ലാസ്സുകളിൽ പങ്കെടുത്തു് ക്രിസ്തീയവിശ്വാസ പരിശീലനം നേടണമെന്നു് അഭ്യർത്ഥിക്കുന്നു. സഭയുടെ ആത്മീയ കൂട്ടായ്മാബോധവും, ക്രിസ്തീയ കുടുംബജീവിതത്തിന്റെ ഭദ്രതയെപ്പററിയുള്ള അവബോധവും നമ്മുടെ കുട്ടികൾക്കു് പകർന്നു കൊടുക്കുവാൻ സഹായകമായ വിശ്വാസ പരിശീലന പരിപാടികളിൽ നമ്മുടെ ഇടവകയിലെ എല്ലാ കത്തോലിക്കാ കുടുംബങ്ങളിലെയും കുട്ടികളെ മാതാപിതാക്കന്മാർ താൽപര്യപൂർവ്വം പങ്കെടുപ്പിക്കണമെന്നു് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

കേരളത്തിലെ ഇടവകകളിൽ പന്ത്രണ്ടാം ക്ലാസ്സുവരെ വിശ്വാസപരിശീലനം നേടി വളർന്നു് പ്രായപൂർത്തിയാകുമ്പോൾ ജീവിതാന്തസ്സിലേയ്ക്കു് പ്രവേശിയ്ക്കുവാൻ ആഗ്രഹിക്കുന്നവരിൽനിന്നു് ഒരു ജീവിതപങ്കാളിയെ മക്കൾക്കു് ലഭിച്ചു് മരണംവരെ വിശ്വസ്തതയോടെ ധന്യമായൊരു കുടുംബജീവിതം അവർക്കു് ഉണ്ടാകണമെന്നു് ആഗ്രഹിക്കുന്ന മാതാപിതാക്കൾ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. വിവാഹത്തേയും, കുടുംബജീവിതത്തേയും പററിയുള്ള ക്രിസ്തീയസങ്കല്പങ്ങളിൽ ജീവിതപങ്കാളികൾ തമ്മിലുള്ള പൊരുത്തം ദാമ്പത്യജീവിത വിജയത്തിനു് ഏറെ ഉപകരിക്കുന്നതാണു്. ഇവയ്ക്കെല്ലാം ആധാരമായ വിശ്വാസജീവിതത്തിന്റെ ബാലപാഠങ്ങളെങ്കിലും അറിയാത്തവർ ജീവിതപങ്കാളിത്തത്തിൽ പൊരുത്തപ്പെടുക എളുപ്പമല്ല. അറുപതു് ശതമാനത്തിൽപ്പരം വിവാഹമോചനവും എൺപതു് ശതമാനത്തോളം ക്രിസ്തീയകുടുംബ തകർച്ചയും നടക്കുന്ന ഇവിടത്തെ സാമുഹീക–സാംസ്ക്കാരിക പശ്ചാത്തലത്തിൽ വളരുന്ന നമ്മുടെ കുട്ടികളുടെ ധാർമ്മിക–ആത്മീയ–ഗാർഹിക ജീവിതം ധന്യമായിത്തീരുവാൻ ആഗ്രഹിക്കുന്ന ഇവിടത്തെ എല്ലാ പ്രവാസി മലയാളി കത്തോലിക്കാ വിശ്വാസികളും **ICC**യുടെ മതബോധനപരിശീലനത്തെ താൽപര്യപൂർവ്വം സ്വീകരിക്കുകയും മററു് കുടുംബാംഗങ്ങളേയും സുഹൃത്തുക്കളേയും അതിനായി സ്നേഹപൂർവ്വം പ്രേരിപ്പിച്ചു് സഹായിക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

ആശംസകളോടെ, തോമസ്സച്ചൻ ICC Chaplain

2006-2007ലെ നമ്മുടെ കാററകീസം പദ്ധതിയെപ്പററിയുള്ള നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക

See Page 2 >>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## Catechism 2006-2007: നിർദ്ദേശങ്ങൾ

1– പുതുതായി ചേരുന്ന കുട്ടികൾ (6 വയസ്)മാത്രം രജിസ്ററർ ചെയ്താൽ മതി. നിലവിലുള്ള കുട്ടികളുടെ ക്ലാസ്സ് ലിസ്റ്റ് പരസ്യപ്പെടുത്തുന്നതാണ്.

3 പതിമൂന്നു വയസ്സുമുതലുള്ള കുട്ടികൾ (ലെവൽ 6 ഉം, 7 ഉം) മാസത്തിൽ ഒരിക്കൽ അതായത് മാസത്തിലെ ആദ്യത്ത ഞായറാഴ്ച ക്ലാസ്സിൽ പങ്കെടുക്കേണ്ടതാണ്. മററു കാര്യങ്ങളെല്ലാം സാധാരണ ക്ലാസ്സിലേതുപോലെയായിരിക്കും.

5 ഈ അദ്ധ്യയനവർഷം മുതൽ ജനുവരിയിലും, ജൂണിലും ക്ലാസ്സ് പരീക്ഷകൾ ഉണ്ടായിരിക്കും. രണ്ടു പരീക്ഷയിലും 80% മാർക്കും, 80% അറെറന്റൻസും കിട്ടുന്നവർക്കായിക്കും ഒന്നാം സമ്മാനം നൽകുക.

6 പ്രോഗ്രസ് റിപ്പോർട്ട് വർഷാവസാനം 3, 4, 5 ക്ലാസ്സുകളിലെ കുട്ടികൾക്ക് നൽകുന്നതാണ്.

7 ക്ലാസ്സുള്ള എല്ലാ ഞായറാഴ്ചകളിലും കുട്ടികൾ പത്തു മിനിററു മുമ്പ് (10.50ന് മൈഡിലിങ്ങിലും, 16.50ന് സ്റ്റാട്ട്ലാവിലും) , പള്ളിയിൽ ഒരുമിച്ചുകൂടുകയും, ചൊല്ലിത്തരുന്ന പ്രാർത്ഥനയും, പാട്ടും ഏററുചൊല്ലുകയും, അതിനുശേഷം അദ്ധ്യാപകരോടൊപ്പം ക്ലാസ്സുകളിലേക്ക് പോകേൺടതുമാണ്. കാറെറകിസം ക്ലാസിൽ അഞ്ചു മിനിററു വൈകി വന്നാൽ ഹാജർ നൽകുന്നതല്ല.

8 കുട്ടികളുടെ മതപഠനകാര്യത്തിൽ മാതാപിതാക്കളുടെ പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. ക്ലാസ്സിൽ പഠിപ്പിച്ച കാര്യങ്ങൾ വിശദമായി പറഞ്ഞുകൊടുക്കുകയും, ഹോം വർക്ക പരിശോധിച്ച് സാധിക്കുംവിധം അവരെ സഹായിക്കുകയും വേണം.

9 മാതാപിതാക്കളുടെ യോഗം വിളിച്ചുകൂട്ടുമ്പോൾ, നിർദ്ദേശങ്ങളും, പോരായ്മകളും ചർച്ച ചെയ്യുവാനുള്ള അവസരമായി കണക്കിലെടുത്ത് എല്ലാവരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എന്തെങ്കിലും സംശങ്ങളൊ, പരാതികളൊ ഉൺടെങ്കിൽ മററു ചർച്ചകൾ നടത്താതെ ഉത്തരവാദപ്പെട്ടവരുമായി നേരിട്ടു സംസാരിക്കുക.

10. കാറെറകിസം ഏഴാംക്ലാസ്സ്വരെ പഠിച്ച് പൂർത്തിയാക്കുന്നവർക്കു് ഒന്നുമുതൽ ഏഴാംക്ലാസ്സ് ഉൾപ്പെടെയുള്ള പാഠപുസ്തകങ്ങളിലുള്ള വിഷയങ്ങൾ ഉൾപ്പെടുത്തി ഒരു പൊതുപരീക്ഷ നടത്തി സർട്ടിഫിക്കററു് നൽകുന്നതാണു്.

Paul Maliekal, Convener ICC Catechism

## IMPORTANT EVENTS IN SEPTEMBER 2006

| | |
|---|---|
| **Saturday, 9th Sept** | **Kairaly Nikethan: PTA Election at 14. 00hrs in SSP Hall** |
| **Sunday, 10th Sept** | **Catechism Classes Begin:**<br>**Meidling : Common Prayer at 10.50 followed by Classes at 11.00**<br>**Stadlau : Common Prayer at 16.50 followed by Classes at 17.00** |
| **Sunday, 17th Sept** | **Kids Liturgy (till 6 years of age) Meidling at 11.30; Stadlau at 17.30** |
| **Sunday, 24th Sept** | **Malayalam Mass in Syro Malankara Rite in Meidling at 11. 30** |
| **Friday, 29th Sept** | **ICC Parish Committee at 19. 30 in Meidling** |

## ICC Programmes in View:

**Saturday, 7th October: ONE DAY Charismatic Recollection, by Fr. Kochumathew VC**
**Dance Programme of the Malayalee Youth in Maria Lourdes Meidling, beginning at 18. 30 hrs. (For Non-Malayalees)**
**Sunday, 8th October: Inauguration of the Silver Jubilee Year of the ICC at the Holy Mass in Maria Lourdes Meidling at 11. 30.**

**Hearty Welcome to the ICC Choir : In Maria Lourdes Meidling, the ICC Youth Choir sing at Malayalam Mass on Sundays.**
**In Kapelle Stadlau: 1st Sunday: Children`s Choir; 2nd & 4th Sundays: Youth Choir; 3rd Sunday and whenever needed be: Seniors Choir.**

*(Verleger: Thomas Sebastian for the Indian Catholic Community Vienna)*